നേടിയിട്ടുള്ള ടി തസ്തികയിലുള്ളവർക്ക് സീനിയോറിറ്റിയും സംഘങ്ങളിൽ അംഗീകരിച്ചു നൽകിയിട്ടുള്ള ഫീഡർ കാറ്റഗറി വ്യവസ്ഥകളുമനുസരിച്ച് പ്രൊമോഷൻ നൽകുന്നുണ്ട്.

(ബി) ഓരോ സംഘത്തിന്റേയും ഫീഡർ കാറ്റഗറിയിൽ 3 വർഷത്തിൽ കുറയാത്ത സർവ്വീസും, സീനിയോറിറ്റിയും കണക്കാക്കിയുമാണ് പ്രൊമോഷൻ നൽകുന്നത്.

(സി) പ്രൊമോഷന് യോഗ്യത നേടിയ പ്യൂൺ/അറ്റന്റർ എന്നീ കാറ്റഗറിയിലെ ജീവനക്കാരെ ഫീഡർ കാറ്റഗറി സബ്റൂൾ പ്രകാരം ക്ലറിക്കൽ തസ്തികയിലേക്കാണ് നിയമിക്കുന്നത്.

സഹകരണ മേഖലയിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ

151 [3556] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ സംസ്ഥാന സഹകരണ ബാങ്കുകൾ, ജില്ലാ ബാങ്കുകൾ, സർവ്വീസ് ബാങ്കുകൾ, ഗവൺമെന്റ് ജീവനക്കാരുടെ സൊസൈറ്റികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിലെ ബോർഡ് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട് എന്ന് തരംതിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥൻമാർ എത്ര പേർ സർവ്വീസിൽ ഉണ്ടെന്നും എത്ര പേർ സസ്പെൻഷനിലാണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—സി) വിവരം വിജിലൻസ് വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല. ശേഖരിച്ചു നൽകുന്നതാണ്.

വിഴിഞ്ഞം വാണിജ്യ തുറമുഖ പദ്ധതി

152 [3557] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം വാണിജ്യ തുറമുഖ പദ്ധതി നിലച്ചു പോയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വിഴിഞ്ഞം വാണിജ്യ തുറമുഖ പദ്ധതിയെക്കുറിച്ച് സാധ്യതാ പഠനം നടത്തുവാൻ പുതിയ ഏതെങ്കിലും ഏജൻസിയെ കരാർ ഏൽപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഏജൻസിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ എന്നാണ് ഈ ഏജൻസിയുടെ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്;

(എഫ്) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലച്ചുപോയിട്ടില്ല.

(ബി) ഉണ്ട്.

(സി) വിഴിഞ്ഞം വാണിജ്യ തുറമുഖപദ്ധതിയെക്കുറിച്ച് സാധ്യതാ പഠനം നടത്തുന്നതിന് ചെന്നൈയിലെ എൽ. ആന്റ് റ്റി. റാംബോൾ കൺസൾട്ടിംഗ് എൻജിനീയേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കരാർ ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) ഈ സ്ഥാപനവുമായുള്ള കരാർ പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടത് 2003 ആഗസ്റ്റ് മാസത്തിലാണ്.

(എഫ്) പ്രോജക്ട് റിപ്പോർട്ട് കിട്ടിയശേഷം പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം അന്വേഷിച്ചുകൊണ്ട് പത്രപരസ്യം നൽകുന്നതും മുൻ നിശ്ചിതയോഗ്യതയുടെ അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതുമാണ്.

വിഴിഞ്ഞം കോസ്റ്റ് ഗാർഡ് സ്റ്റേഷൻ

153 [3558] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിലെ തീര പരിപാലനത്തിനുവേണ്ടി വിഴിഞ്ഞം കോസ്റ്റ് ഗാർഡ് സ്റ്റേഷനിൽ കപ്പലുകളും സ്പീഡ് ബോട്ടുകളും നങ്കൂരമിടാനുള്ള സൗകര്യം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly